**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 584** **08-10-2024 - ൽ മറുപടിയ്ക്ക്**

**കേരള ഓട്ടോമൊബൈൽസിന്റെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ആറാലുംമൂട് സ്ഥിതി ചെയ്യുന്ന കേരള ഓട്ടോമൊബൈൽസിന്റെ പുനരുദ്ധാരണ പ്രവർത്തികൾക്ക് 2021 മുതൽ 2024 മാർച്ച് വരെ എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് പ്രവർത്തന മൂലധനമായും, ഇ-ആട്ടോ, ഇ- റിക്ഷാ എന്നിവയുടെ ഉല്പാദനത്തിനും, വികസനത്തിനും, സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ നൽകുന്നതിനുമായി 2021 മുതൽ 2024 മാർച്ച് വരെ 14.95 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | കേരള ഓട്ടോമൊബൈൽസിൽ പ്രതിമാസം എത്ര ഇലക്ട്രിക്കൽ ഓട്ടോകളാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 200 ഇ-ഓട്ടോ / ഈ-കാർട്ടുകൾ നിർമ്മിക്കുന്നതിനുള്ള ശേഷിയുണ്ടെങ്കിലും തൊഴിലാളികളുടെയും ഓർഡറുകളുടെയും പരിമിതി കാരണം നിലവിൽ പ്രതിമാസം 10 ഇ-ആട്ടോ / ഇ-കാർട്ടുകളാണ് നിർമ്മിക്കുന്നത്. |

സെക്ഷൻ ഓഫീസർ